**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **08-10-2021 - ൽ മറുപടിയ്ക്ക്**

**മൂർക്കനാട് മിൽമ ഡയറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ മൂർക്കനാട് മിൽമ ഡയറിയിൽ ഏതെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിനായി എത്ര രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; തുക ഏത് രീതിയിൽ വകയിരുത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഏകദേശം 60 കോടി രൂപ ചെലവിൽ മലബാർ മേഖലാ യൂണിയൻ സ്ഥാപിക്കുന്ന പാൽ സംസ്കരണ ശാലയും, 53.93 കോടി രൂപ അടങ്കൽ തുക വരുന്ന പാൽപ്പൊടി നിർമ്മാണ ശാലയും ആണ് മങ്കട മണ്ഡലത്തിലെ മൂർക്കനാട് വില്ലേജിൽ വിഭാവനം ചെയ്യപ്പെട്ട വികസന പ്രവർത്തനങ്ങൾ. പാലുൽപ്പാദനം കൂടി വരുന്ന സാഹചര്യത്തിൽ കർഷകർ ഉൽപാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിന്റെ ഭാഗമായി മിച്ചമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ ഇല്ലാത്തതു മുൻനിർത്തി മുൻഗണന അടിസ്ഥാനത്തിൽ പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുവാനാണ് മിൽമ മലബാർ മേഖലാ യൂണിയൻ ലക്ഷ്യമിടുന്നത്. 53.93 കോടി രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതിക്ക് 15 കോടി രൂപ സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതമായും, 32.72കോടി രൂപ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി NABARD മുഖേനയുള്ള സാമ്പത്തിക വിഹിതമായും ബാക്കി വരുന്ന മുഴുവൻ തുകയും പദ്ധതിയുടെ അവസാന ഘട്ടത്തിൽ മേഖലാ യൂണിയൻ വിഹിതമായും ലഭ്യമാക്കിക്കൊണ്ട് മേഖലായൂണിയൻ ഈ പദ്ധതിക്കുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | മൂർക്കനാട് മിൽമ ഡയറിയിൽ പാൽ സംഭരണശാലയ്ക്കായി വിട്ടുനൽകിയ സ്ഥലത്ത് ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ട്; വ്യക്തമാക്കുമോ; | (ബി) | പാൽപ്പൊടി നിർമ്മാണ ശാലയുടെ അടിസ്ഥാന ഘടകങ്ങളായ സിവിൽ ജോലികൾ, ബോയിലർ, ശീതീകരണ സംവിധാനം, ജലവിതരണ സംവിധാനം എന്നീ ജോലികളാണ് നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. |
| (സി) | മലപ്പുറം ജില്ലയിലും സമീപ പ്രദേശത്തും ഉൽപാദിപ്പിക്കുന്ന പാലിന്റെ സംഭരണം വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂട്ടുന്ന | (സി) | സഹകരണ മേഖലയിൽ പ്രതിദിനം 10 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാല മലപ്പുറം ജില്ലയിൽ |

| | | | |
|---|---|---|---|
| | അവസരത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കഴിയുന്നതരത്തിൽ മൂർക്കനാട് ഡയറിയെ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ